# പതിമൂന്നാം കേരള നിയമസഭ
# ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 498 — 11.06.2013 ൽ മറുപടിയ്ക്ക്

## നെൽകൃഷിക്കായുള്ള പലിശരഹിത വായ്പകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകൾ വഴി നൽകുന്ന നെൽകൃഷിക്കുള്ള കാർഷിക വായ്പകൾ പൂർണ്ണമായും പലിശരഹിതമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തൊക്കെ; | (എ) പലിശരഹിതമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ നെൽകർഷകർ വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പ കാലാവധിക്കുള്ളിൽ അടയ്ക്കുന്ന കർഷകരുടെ പലിശ ബാധ്യത സർക്കാർ വഹിക്കുന്നതുവഴി പലിശരഹിത വായ്പ നൽകി വരുന്നു. ഇപ്രകാരം വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നെൽകർഷകർക്ക് നല്കുന്ന വായ്പയുടെ 7 ശതമാനം നിരക്കിലുള്ള പലിശ ബാധ്യത സർക്കാർ വഹിക്കുന്നു.ടി പലിശ ബാധ്യത തുക റീഇമ്പേഴ്സ്മെന്റ് ചെയ്ത് ബാങ്കുകൾക്ക് നൽകുന്നു. 2007-2008 സാമ്പത്തിക വർഷത്തിൽ കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച നെൽകൃഷിക്കായുള്ള പലിശരഹിത വായ്പാ പദ്ധതി 2010-2011 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് നടപ്പിലാക്കി വരുന്നത്. |

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം ബാങ്കുകൾക്ക് സംസ്ഥാന സർക്കാർ എന്ത് തുക നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തൊക്കെ; | (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം 74.22 ലക്ഷം രൂപ ബാങ്കുകൾക്ക് നൽകിയിട്ടുണ്ട് . സഹകരണ ബാങ്കുകളിൽ നിന്നും ലഭിക്കുന്ന ക്ലെയിം അനുസരിച്ച് ബാക്കി തുക നൽകുന്നതാണ്. |
| (സി) | കർഷകർക്കുള്ള പലിശരഹിത വായ്പ യഥാസമയം നൽകുന്ന ബാങ്കുകൾക്ക് അർഹമായ തുക അപ്പപ്പോൾ തന്നെ കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | കർഷകർക്കുള്ള പലിശ സബ്സിഡി യഥാസമയം നൽകുന്ന ബാങ്കുകൾക്ക് അർഹമായ വിഹിതം, ക്ലെയിം ലഭിക്കുന്ന മുറയ്ക്ക് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ